**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1372** **12-02-2025 - ൽ മറുപടിയ്ക്ക്**

**എളങ്കുന്നപ്പുഴ ജി.എച്ച്.എസ്.എസ് സ്കൂൾ ഗ്രൗണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. എളങ്കുന്നപ്പുഴ സ്കൂൾ ഗ്രൗണ്ട് കായിക മത്സരങ്ങൾക്ക് വേണ്ടി ഉപയോഗയോഗ്യമാക്കുന്നതിനായി 04.09.2024-ന് എം.എൽ.എ. സമർപ്പിച്ച കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ബഹു. എം.എൽ.എ.04.09.2024-ന് സമർപ്പിച്ച കത്തിന്റെ പകർപ്പ് 07.10.2024 തീയതിയിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയയ്ക്കുകയുണ്ടായി. അപ്രകാരം 07.02.2025ന് പ്രസ്തുത റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് എം1/304/2024/പൊവിവ നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിലെ എം1/304/2024 നമ്പർ ഫയലിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് 07.10.2024 -ലെ കത്ത് പ്രകാരം ആവശ്യപ്പെട്ട അടിയന്തര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | ബഹു. എം.എൽ.എ.04.09.2024-ന് സമർപ്പിച്ച കത്തിന്റെ പകർപ്പ് 07.10.2024 തീയതിയിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയയ്ക്കുകയുണ്ടായി. അപ്രകാരം 07.02.2025ന് പ്രസ്തുത റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് എം1/304/2024/പൊവിവ നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു. |
| (സി) | പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ ഇതു സംബന്ധിച്ച ഫയൽ നമ്പർ വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ പ്രകാരം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഈ വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഫയൽ നമ്പർ ചുവടെ പറയുന്നു.<br>W3/21235/24/DGE<br>റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: ഡബ്ല്യു.3/21235/24/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 07-02-2025
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്:- പ്രിൻസിപ്പൽ സെക്രട്ടറി
പൊതു വിദ്യാഭ്യാസ (M) വകുപ്പ്.

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- വർക്ക്സ്-എറണാകുളം, എളംകുന്നപ്പുഴ GHSS ന്റെ ഗ്രൗണ്ട് നവീകരണം - സംബന്ധിച്ച് - റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്

സൂചന :- 1.ഗവ.ൽ നിന്നുള്ള M1/304/24/GEDN. തീ. 07.10.24 നം. കത്ത്
2.എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 02.06.2025ലെ C3/9285/24 നം. കത്ത്.

******************

എറണാകുളം, എളംകുന്നപ്പുഴ GHSS ന്റെ ഗ്രൗണ്ട് നവീകരണം സംബന്ധിച്ച് സൂചന (1) കത്ത് പ്രകാരം ഈ കാര്യാലയത്തോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.
എളംകുന്നപ്പുഴ GVHSS ലെ ഗ്രൗണ്ട് ഉപ ജില്ലാ കായികമേളകൾ സംഘടിപ്പിക്കുവാൻ പര്യാപ്തമായ വലിപ്പമുള്ള ഗ്രൗണ്ട് ആണെങ്കിലും , ഗ്രൗണ്ട് നിരപ്പില്ലാതെയും പുല്ല് പിടിച്ചും ഉപയോഗിക്കാൻ പറ്റാത്ത നിലയിൽ ആയതിനാൽ, ട്രാക്ക് ഇടാൻ പറ്റിയ രീതിയിൽ ഗ്രൗണ്ട് ഉയർത്തി ലെവൽ ചെയ്യേണ്ടതുണ്ടെന്നും, ഗ്രൗണ്ട് ഉയർത്തി ലെവൽ ചെയ്താൽ അത്ലറ്റിക്, ഫുട്ബാൾ മത്സരങ്ങൾ നടത്തുവാൻ സാധിക്കും എന്നും അറിയിച്ച്കൊള്ളുന്നു.. ഇതിനോടൊപ്പം ടോയിലറ്റ് സൌകര്യവും , ഡ്രസ്സിംഗ് മുറികളും ഒരുക്കേണ്ടതുണ്ട്.

ആയതിലേക്ക് ഗ്രൗണ്ട് ലെവൽ ചെയ്യുന്നതിന് ഏകദേശം 50 ലോഡ് ടോറസ് ഗ്രാവൽ ആവശ്യം വരുമെന്നും ആയതിനു 6 ലക്ഷം രൂപയും, ഇത് നിരത്തി റോൾ ചെയ്യുന്നതിന് 6 ലക്ഷം രൂപയും, ഫുട്ബാൾ, ക്രിക്കറ്റ് പരിശിലനത്തിനായി അലൈൻമെന്റ് ചെയ്യുന്നതിന് 1.5 ലക്ഷം രൂപയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ വാഷ് റൂം,ഡ്രസ്സിംഗ് റൂം എന്നിവയും വാഷ് റൂമിന്റെ മുകളിലായി പവലിയൻ ഉൾപ്പെടെ 30 ലക്ഷം , കിഴക്ക് വശത്ത് WALKWAY, മറ്റു മൂന്ന് വശങ്ങളിലും ഗ്രിൽ ഫെൻസിനുമായി 6.5 ലക്ഷം ഉൾപ്പെടെ ആകെ 50ലക്ഷം രൂപ ഏകദേശം ചെലവു വരുമെന്നും എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിവരങ്ങൾതുടർ നടപടികൾക്കായി അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

Signed by
R S Shibu
Date: 07-02-2025 14:05:17